**സമയപരിധി 19/12/2015**

ഭരണഭാഷ മാതൃഭാഷ

ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ,
തിരുവനന്തപുരം

ഫിൻ എ4/63037/എച്ച്.എസ്.ഇ/15 തീയതി : 18/12/2015

# സർക്കുലർ

വിഷയം :- ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് – IFMS – കേരള ഗവൺമെന്റ് എയിഡഡ് സ്ഥാപനങ്ങളുടെ ജീവനക്കാരുടെ പി.എഫ്. ഓൺലൈനാക്കുന്നത് – സംബന്ധിച്ച്

സൂചന :- 16/12/2015 ലെ ഇതേ നമ്പർ സർക്കുലർ

കേരള ഗവൺമെന്റിനു കീഴിലുള്ള എയിഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പി.എഫ്. ഓൺലൈൻ സംവിധാനത്തിൽ വരുത്തുന്നതിന്റെ ഭാഗമായി GAIN പി.എഫ്. സംവിധാനത്തിൽ നിലവിൽ SPARK ലുള്ള പിഎഫ്. അക്കൗണ്ട് നമ്പർ GAIN പി.എഫ്. വെബ്സൈറ്റിൽ വെരിഫൈ ചെയ്തത് എയിഡഡ് ഹയർസെക്കന്ററി സ്കൂൾ ജീവനക്കാർ പരിശോധിച്ച് തിരുത്തലുകൾ ഉണ്ടെങ്കിൽ 18/12/2015 നുള്ളിൽ അറിയിക്കുന്നതിന് സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ **gainpf.kerala.gov.in/ifms** എന്ന വെബ്സൈറ്റിൽ **view your PF Account Number** എന്ന ഓപ്ഷനിൽ Pen Number യൂസർ നയിം ആയും ജനനത്തീയതി പാസ്‌വേഡ് ആയും ലോഗ് ഇൻ ചെയ്യാൻ കഴിയുന്നില്ല എന്ന് നിരവധി സ്കൂളുകൾ അറിയിക്കുകയുണ്ടായി. പാസ്സ്‌വേർഡ് ആയി ജനനത്തീയതി കൃത്യമായി (dd/mm/yyyy) ഉപയോഗിച്ച് ലോഗ് ഇൻ ചെയ്യാൻ കഴിയുന്ന തരത്തിൽ സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം കിട്ടാത്ത സാഹചര്യത്തിൽ പെൻ നമ്പർ തന്നെ പാസ്സ്‌വേർഡ് ആയി ഉപയോഗിക്കാവുന്നതാണ്. തിരുത്തലുകൾ ഉണ്ടെങ്കിൽ **19/12/2015** നുള്ളിൽ pfsection dhse@gmail.com എന്ന അഡ്രസ്സിൽ മെയിൽ ചെയ്യേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

പകർപ്പ്
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
(തിരുവനന്തപുരം, ചെങ്ങന്നൂർ, കോട്ടയം,
എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)
എല്ലാ ജില്ലാ കോ ഓർഡിനേറ്റർമാർക്കും
പി.എഫ് സെക്ഷൻ